**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ 7 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് ഇഗ്നോ മധുര നടത്തുന്ന ഓൺലൈൻ വിദൂര വിദ്യാഭ്യാസ കോഴ്സായ ഡിപ്ലോ ഇൻ ഡെയറി ടെക്നോളജി കോഴ്സിൽ ചേരുന്നതിന് നിരാക്ഷേപ പത്രം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/586/2025-E1 തിരുവനന്തപുരം, തീയതി : 22-09-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 3/2024/ഡി.ഡി., തീയതി : 08.01.2024.
2. സ.ഉ. (സാധാ) നം. 18/2024/ഡി.ഡി., തീയതി : 15.02.2024.
3. സ.ഉ. (കൈ) നം. 6/2024/ഉ.ഭ.പ.വ., തീയതി : 07.06.2024.
4. സ.ഉ. (സാധാ) നം. 381/2024/ഉ.ഭ.പ.വ., തീയതി : 24.09.2024.
5. കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 25.04.2025, 18.08.2025 തീയതികളിലെ DDKTM/701/2025-E നമ്പർ കത്തും അനുബന്ധരേഖകളും.
6. പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 25.04.2025, 15.08.2025 തീയതികളിലെ DDPKD/407/2025-CA നമ്പർ കത്തും അനുബന്ധ രേഖകളും.
7. വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 28.06.2025, 18.08.2025 തീയതികളിലെ DDWND/600/2025-C1 നമ്പർ കത്തും അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

ക്ഷീരവികസന വകുപ്പിലെ കോട്ടയം, പാലക്കാട്, വയനാട് ജില്ലകളിലെ വിവിധ ക്ഷീരവികസന യൂണിറ്റുകളിൽ സേവനമനുഷ്ഠിക്കുന്ന താഴെപ്പറയുന്ന 7 ഡെയറി ഫാം ഇൻസ്ട്രക്ടർമാർ ഇഗ്നോ മധുര നടത്തുന്ന ഓൺലൈൻ വിദൂര വിദ്യാഭ്യാസ ഡിപ്ലോമ ഇൻ ഡെയറി ടെക്നോളജി കോഴ്സിൽ ചേർന്ന് പഠനം പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ അനുമതി (നിരാക്ഷേപ പത്രം) നൽകണമെന്ന് മേൽപരാമർശം (5), (6), (7) പ്രകാരം അപേക്ഷിച്ചിരിക്കുകയാണ്. മേൽപരാമർശം (1), (2) ലെ ഉത്തരവുകൾ പ്രകാരം നിലവിലെ സർവ്വീസ് കാലാവധി പരിഗണിച്ച് 10 വർഷം സർവീസുള്ള ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ, ഇഗ്നോ നടത്തുന്ന ഡിപ്ലോമ ഇൻ ഡെയറി ടെക്നോളജി (ഡി.ഡി.റ്റി.) കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നപക്ഷം, അടുത്ത പ്രൊമോഷൻ തസ്തികകളിലേക്ക് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ താഴെപ്പറയുന്ന 7 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് മേൽപരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക്

വിധേയമായും ഔദ്യോഗിക കൃത്യനിർവഹണത്തിന് യാതൊരുവിധ തടസ്സവും സൃഷ്ടിക്കില്ല എന്ന വ്യവസ്ഥയിലും ഇഗ്നോ മധുര റീജിയണൽ സെന്റർ ഓൺലൈനായി നടത്തുന്ന വിദൂര വിദ്യാഭ്യാസ ഡിപ്ലോമ ഇൻ ഡെയറി ടെക്നോളജി കോഴ്സിൽ ചേർന്ന് പഠനം പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ നിരാക്ഷേപപത്രം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേര് | ക്ഷീരവികസന യൂണിറ്റ് കാര്യാലയം | ജില്ല |
|---|---|---|---|
| 1 | പ്രതീഷ് കുമാർ സി. | വൈക്കം | കോട്ടയം |
| 2 | ലിബീഷ് മാത്യു | ഉഴവൂർ | കോട്ടയം |
| 3 | അഞ്ജന സി.വി. | മാഞ്ഞൂർ | കോട്ടയം |
| 4 | ജയലക്ഷ്മി എൻ. | പള്ളം | കോട്ടയം |
| 5 | റൊണാൾഡ് വിൽസൺ | പൂഞ്ഞാർ | കോട്ടയം |
| 6 | പ്രിൻസി എസ്. ജോൺ | കുഴൽമന്ദം | പാലക്കാട് |
| 7 | ബിനുമോൻ എം. | പനമരം | വയനാട് |

ടി 7 ഡെയറി ഫാം ഇൻസ്ട്രക്ടർമാരും താഴെപ്പറയുന്ന വ്യവസ്ഥകൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണ്.

1. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന/പങ്കെടുക്കുന്നുവെന്ന കാരണത്താൽ ഓഫീസ് സമയങ്ങളിൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല.

2. ഓഫീസ് സമയത്ത് യാതൊരുവിധ ഓൺലൈൻ/ഓഫ് ലൈൻ കോഴ്സുകളിലും പങ്കെടുക്കുവാൻ പാടുള്ളതല്ല.

3. അടിയന്തര പ്രാധാന്യമുള്ള സാഹചര്യങ്ങളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി ഓഫീസ് പ്രവർത്തി സമയം കഴിഞ്ഞും ടിയാന്റെ/ടിയാളുടെ സേവനം ഓഫീസിൽ ആവശ്യമെങ്കിൽ മേലധികാരികളുടെ നിർദ്ദേശാനുസരണം ഓഫീസിൽ തുടരേണ്ടതും ചുമതലപ്പെടുത്തുന്ന ജോലികൾ നിർവ്വഹിക്കേണ്ടതാണ്.

4. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന/പങ്കെടുക്കുന്നുവെന്ന കാരണത്താൽ ഭരണസൗകര്യാർത്ഥം നടത്തുന്ന സ്ഥലംമാറ്റങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുന്നതല്ല.

പഠനാവശ്യത്തിനായി അനുമതി ലഭിക്കുന്ന ടി 7 ഡെയറി ഫാം ഇൻസ്ട്രക്ടർമാർ മേൽപരാമർശം (1) മുതൽ (4) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം പഠനാവശ്യത്തിനായി നൽകിയ അനുമതി റദ്ദുചെയ്യുന്നതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഈ ഉത്തരവിന്റെ ഒരു പകർപ്പ് ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ ഒട്ടിച്ചുചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

Signed by
Salini Gopinath
Date: 22-09-2025 10:26:39

**ഡയറക്ടർ**
(PEN. 498485)

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (കോട്ടയം, പാലക്കാട്, വയനാട് ജില്ലാ കാര്യാലയങ്ങൾ).

2) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന).

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

6) ഇ., ഡി. സെക്ഷൻ സൂപ്രണ്ടുമാർക്ക്.

7) ഡി2 സീറ്റിന് (അറിവിലേക്കായി).

8) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ - ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

9) ഇ1 സീറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ ഉത്തരവുകളുടെ ശേഖരസഞ്ചയം.